## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2481. 09.03.2018 ൽ മറുപടിയ്ക്ക്

## ബാറുകൾ തുറക്കുന്നതിന് പൊതുമാനദണ്ഡം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനിൽ അക്കര<br>ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.റോജി എം.ജോൺ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ സംസ്ഥാന പാതയോരങ്ങളിൽ അഞ്ഞൂറ് മീറ്റർ പരിധിയിൽ മദ്യവില്പനശാലകൾ തുടങ്ങുന്നത് നിരോധിച്ചുകൊണ്ട് സുപ്രീംകോടതി പ്രഖ്യാപിച്ച വിധിയിൽ വീണ്ടും ഭേദഗതി ഉണ്ടായിട്ടുണ്ടോ; | (എ) | ബഹു.സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദേശീയ/സംസ്ഥാന പാതകളുടെ ദൂരപരിധി സംബന്ധിച്ച വിധിയിൽ ഭേദഗതി ചെയ്ത് 23/02/2018-ൽ ബഹു.സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ എന്ത് ഇളവ് അനുവദിക്കണമെന്നാണ് സംസ്ഥാനം സുപ്രീം കോടതിയിൽ അപേക്ഷിച്ചത്; | (ബി) | ബഹു.സുപ്രീംകോടതിയുടെ 15/01/2018-ലെ എം.എ.നം.690-692/17-ലെ ഉത്തരവിലെ നിർദ്ദേശാനുസരണം മേഘാലയ, സിക്കിം, അരുണാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങൾക്ക് നൽകിയ ഇളവ് കേരള സംസ്ഥാനത്തിനും നൽകണമെന്നാവശ്യപ്പെട്ടാണ് ബഹു.സുപ്രീംകോടതിയിൽ അപേക്ഷിച്ചിരുന്നത്. |
| (സി) | സുപ്രീംകോടതി ഇപ്പോൾ വരുത്തിയ വ്യക്തതയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്ര ബിയർ വൈൻ പാർലറുകൾക്കും ത്രീസ്റ്റാർ ബാറുകൾക്കും തുറന്ന് പ്രവർത്തിപ്പിക്കുവാനാകും എന്നറിയിക്കാമോ; | (സി) | സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ഡി) | ബാറുകൾ തുറക്കുന്നതിന് അനുകൂലമായ നിലപാട് സംസ്ഥാനം സുപ്രീംകോടതിയിൽ സ്വീകരിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു; | (ഡി) | കേരള സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും, ജനസാന്ദ്രതയും, വിനോദ സഞ്ചാര മേഖലകളുടെ പ്രാധാന്യവും കണക്കിലെടുത്ത് കോടതി മുമ്പാകെ ഇളവ് ആവശ്യപ്പെട്ടിരുന്നു. ബഹു.സുപ്രീം കോടതിയുടെ 15/01/2018-ലെ ആസ്സാം ഗവൺമെന്റ് ഉൾപ്പെടെയുള്ള വടക്കു-കിഴക്കൻ സംസ്ഥാനങ്ങളുടെ എം.എ.നം.690-692/17-ലെ |

| | | | |
|---|---|---|---|
| | | | കേസ്സുമായി ബന്ധപ്പെട്ട് എല്ലാ സംസ്ഥാനങ്ങളോടും റിപ്പോർട്ട് ഫയൽ ചെയ്യുവാൻ കോടതി നിർദ്ദേശിച്ചതനുസരിച്ചാണ് ഇക്കാര്യത്തിൽ കേരള സർക്കാർ തുടർ നടപടി സ്വീകരിച്ചത്. |
| (ഇ) | കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബാറുകൾ തുറക്കുന്നതിന് പൊതുമാനദണ്ഡം നിശ്ചയിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ